Markaz Integrated Studies Council

# GENERAL ADMISSION GUIDE 2026–2027

**അ**റിവും ആത്മീയതയും സമന്വയിപ്പിച്ച വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന് നേതൃത്വം നൽകുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് Markaz Integrated Studies Council പ്രവർത്തിക്കുന്നത്. ഇസ്‌ലാമിക പാഠ്യപദ്ധതിയോടൊപ്പം ഭൗതിക വിദ്യാഭ്യാസവും സമഗ്രമായി ഉൾക്കൊള്ളുന്ന അക്കാദമിക് സംവിധാനമാണ് മർകസ് ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ വിഭാവനം ചെയ്യുന്നത്.

2026–2027 അധ്യയന വർഷത്തെ പ്രവേശന നടപടിക്രമങ്ങളും പ്രധാന നിർദ്ദേശങ്ങളും

## Markaz Integrated Studies Council

1. ജാമിഅ മർകസ് ഇന്റഗ്രേറ്റഡ് സ്ഥാപനങ്ങളുടെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് ഏകീകൃത മേൽനോട്ടവും മാർഗനിർദേശവും നൽകുന്ന സംവിധാനമാണ് മർകസ് ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ.
2. അഡ്മിഷൻ, കരിക്കുലം, പരീക്ഷ, പരിശീലനം എന്നിവയിൽ കൃത്യമായ നിയന്ത്രണവും ഗുണനിലവാരവും ഇത് ഉറപ്പാക്കുന്നു.
3. ഇസ്‌ലാമിക വിഷയങ്ങളിൽ ആധികാരികവും ആഴത്തിലുള്ളതുമായ സിലബസ് എല്ലാ ക്യാമ്പസുകളിലും ഏകീകരിച്ചിരിക്കുന്നു.
4. ഫൗണ്ടേഷൻ തലം മുതൽ ജാമിഅ മർകസ് മുതവ്വൽ വരെയുള്ള തുടർപഠന സൗകര്യങ്ങൾ വിദ്യാർഥികൾക്ക് ലഭ്യമാണ്.
5. മത-ഭൗതിക സമന്വയ വിദ്യാഭ്യാസത്തിന്റെ മാതൃകാപരമായ സംവിധാനമാണ് മർകസ് ഇന്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ ഒരുക്കുന്നത്.

# സവിശേഷതകൾ

- സുൽത്വാനുൽ ഉലമയുടെ ആത്മീയ ശിക്ഷണം
- സഖാഫി ബിരുദത്തോടൊപ്പം റെഗുലർ ഡിഗ്രി, പി.ജി,പിഎച്ച്.ഡി,പഠനം.
- ഹാഫിളുകൾക്ക് പ്രത്യേക ദൗറ സംവിധാനം.
- ഖിറാഅത്ത്, തജ്‌വീദ് പഠനം.
- പ്രായോഗിക ദഅ്‌വ പരിശീലനം.
- ഖുർആൻ, ഹദീസ്, ഫിഖ്ഹ് ഗവേഷണ പഠന സൗകര്യം.
- ജാമിഅ: മർകസിലെ പ്രമുഖ ഉസ്താദുമാരുടെ ക്ലാസുകൾ.
- ജാമിഅത്തുൽ അസ്ഹർ ഉൾപ്പെടെയുള്ള വിദേശ സർവകലാശാലകളിൽ തുടർപഠനത്തിന് അവസരം.
- PSC,UPSC,NEET, NET, JRF, K-TET,CA,CMA,ACCA എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- അന്താരാഷ്ട്ര മത്സരങ്ങൾക്കായി ഇൻ്റെൻസീവ് ട്രെയിനിംഗ്.
- ലാംഗ്വേജ് ട്രെയിനിംഗ് & ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകൾ.





# പ്രവേശനം

ജാമിഅ മർകസിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്യാമ്പസുകളിലേക്കാണ് പ്രവേശനം നടക്കുന്നത്. എട്ടാം ക്ലാസ്, പ്ലസ് വൺ ക്ലാസുകളിലേക്കാണ് അഡ്മിഷൻ ലഭ്യമാകുന്നത്. അപേക്ഷകൾ ഓൺലൈൻ മുഖേനയാണ് സമർപ്പിക്കേണ്ടത്. എഴുത്തുപരീക്ഷ, ഇന്റർവ്യൂ, മറ്റ് ഗ്രേസ് മാർക്കുകൾ എന്നിവ പരിഗണിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുക. നിശ്ചിത യോഗ്യത നേടുന്ന വിദ്യാർഥികൾക്ക് പ്രവേശനം നൽകുന്നതാണ്.

## കോഴ്സുകൾ

1. Markaz Excellence Academy
2. مركز البحوث والدراسات الإسلامية
3. كلية الدراسات القرآنية للعلوم والقراءات

### Markaz Excellence Academy (കാലാവധി: **പത്തു വർഷം**)

ഏഴാം ക്ലാസ് കഴിഞ്ഞവർക്ക് തുടർന്നുള്ള സ്കൂൾ പഠനത്തോടൊപ്പം പ്ലസ് ടു, ഡിഗ്രി, പി.ജി, പി.എച്ച്.ഡി വരെ പഠിക്കാനും, പാരമ്പര്യ രീതിയിലുള്ള മതപഠനം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (സഖാഫി) വരെ പൂർത്തിയാക്കാനും തുടർപഠനത്തിനും അവസരം.

### مركز البحوث والدراسات الإسلامية (കാലാവധി: **ഒമ്പതു വർഷം**)

10-ാം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പ്ലസ് ടു, ഡിഗ്രി, പി.ജി, പിഎച്ച്.ഡി വരെ ഭൗതിക വിദ്യാഭ്യാസവും ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (സഖാഫി) വരെയുള്ള പാരമ്പര്യ മതപഠനവും സംയോജിപ്പിച്ച സമഗ്ര പഠന സംവിധാനമാണ്.

### كلية الدراسات القرآنية للعلوم والقراءات (കാലാവധി: **ഒമ്പതു വർഷം**)

ഹിഫ്ള് പൂർത്തിയാക്കിയവർക്കായി ഖുർആൻ ദൗറയും ഖുർആൻ റിസർച്ച് പഠനവും. അതോടൊപ്പം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (സഖാഫി) വരെയുള്ള പാരമ്പര്യ മതപഠനവും, പ്ലസ് ടു മുതൽ പി.ജി വരെയുള്ള ഭൗതിക വിദ്യാഭ്യാസവും ഒരുമിച്ചു നേടാനുള്ള സമഗ്ര പാഠ്യപദ്ധതി.

ജാമിഅ മർകസിനു കീഴിൽ തയ്യാറാക്കിയ പ്രത്യേക സിലബസ് അനുസരിച്ചാണ് പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുള്ളത്. അതോടൊപ്പം, ഭൗതിക പഠനങ്ങൾക്ക് ഓരോ സ്ഥാപനവും വ്യത്യസ്ത രീതികളാണ് പിന്തുടരുന്നത്. റെഗുലർ, ഡിസ്റ്റൻസ്, ഓപ്പൺ, പ്രൈവറ്റ്, ഇംഗ്ലീഷ് മീഡിയം, മറ്റു ഭാഷാ മീഡിയം, കേരള, സി.ബി.എസ്.ഇ (CBSE) തുടങ്ങിയ വിവിധ സിലബസുകളും വിവിധ യൂണിവേഴ്സിറ്റി സംവിധാനങ്ങളും വിവിധ ക്യാമ്പസുകളിൽ ലഭ്യമാണ്.

സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ഉൾപ്പെടെ അതത് സംസ്ഥാനങ്ങൾ നൽകുന്ന ഹയർ സെക്കൻഡറി/പ്രീ യൂണിവേഴ്സിറ്റി കോഴ്സുകളും അവയുടെ വ്യത്യസ്ത കോമ്പിനേഷനുകളും ഓരോ സ്ഥാപനത്തിലും വ്യത്യസ്തമായിരിക്കും. ഡിഗ്രി, പി.ജി തലത്തിലുള്ള ഓപ്ഷനുകളിലും മാറ്റങ്ങളുണ്ട്. ഓരോ സ്ഥാപനവും നൽകുന്ന പഠനരീതി വിദ്യാർഥിയും രക്ഷിതാവും വ്യക്തമായി മനസ്സിലാക്കി അതത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്.

## ക്യാമ്പസുകൾ

1. **Markazul Huda,Thrissur** (8th Std, Malayalam / English Medium)
2. **Markaz Sanaviyya** (Plus One, Humanities & Commerce)
3. **Qadiriyya Islamic Academy, Karanthur** (Plus One, Science)
4. **CM Centre, Munnar** (Plus One, Humanities & Commerce)
5. **Markaz Malik Deenar, Parappally** (Plus One, Hifz Doura+Humanities & Commerce)
6. **Markaz Khalfan, Koyilandy** (Plus One, Hifz Doura+Humanities & Commerce)






# അപേക്ഷിക്കാനുള്ള യോഗ്യത

സ്കൂൾ ഏഴാം തരം കഴിഞ്ഞവർക്ക് എട്ടാം ക്ലാസ്സിലേക്കും, പത്താം ക്ലാസ് കഴിഞ്ഞവർക്ക് പ്ലസ് വണ്ണിലേക്കും അപേക്ഷിക്കാം. ഭൗതിക കോഴ്സുകൾ പൂർത്തീകരിച്ച മതപണ്ഡിതരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കോഴ്സുകൾ സംവിധാനിച്ചിട്ടുള്ളത്. അതിനാൽ എല്ലാ കോഴ്സുകൾക്കൊപ്പവും ജാമിഅ മർകസ് സിലബസ് പ്രകാരമുള്ള ആഴത്തിലുള്ള മതപഠനം നിർബന്ധമായിരിക്കും.

## അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ജാമിഅ മർകസ് മർകസ് ഇൻ്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ വെബ്സൈറ്റ് വഴിയാണ് അപേക്ഷകൾ സ്വീകരിക്കുക.
2. കൃത്യവും വ്യക്തവുമായ വിവരങ്ങൾ മാത്രമേ അപേക്ഷയിൽ നൽകാവൂ.
3. എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും ഇന്റർവ്യൂ സമയത്ത് ഹാജരാക്കണം.
4. ഹാൾടിക്കറ്റും മറ്റ് പ്രധാന വിവരങ്ങളും വിദ്യാർഥികൾക്ക് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.
5. വിവരങ്ങൾ വൈകി അറിയുന്നത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് മർകസ് ഇൻ്റഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ ഉത്തരവാദിയായിരിക്കില്ല.

## അഡ്മിഷൻ ഷെഡ്യൂൾ & ടൈംലൈൻ

(8-ാം ക്ലാസ്, ജനറൽ ദഅവാ, ഹിഫ്ള് ദഅവാ എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ ഒരേ സമയക്രമത്തിൽ നടത്തുന്നതാണ്)

- അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ഏപ്രിൽ 5**
- എൻട്രൻസ് പരീക്ഷ: **ഏപ്രിൽ 11**
- ഇന്റർവ്യൂ കേന്ദ്രം: **ജാമിഅ മർകസ്, കാരന്തൂർ**
- രജിസ്ട്രേഷൻ ഫീസ്: **₹500**

## MAT പ്രവേശന പരീക്ഷ

1. MAT പരീക്ഷ വഴിയാണ് പ്രവേശനം ലഭിക്കുക.
2. പ്രവേശന പരീക്ഷയും ഇന്റർവ്യൂവും ജാമിഅ മർകസിൽ വെച്ചായിരിക്കും.
3. 50 **ശതമാനം** എഴുത്തു പരീക്ഷാ ചോദ്യങ്ങൾ സ്കൂൾ സിലബസ് കേന്ദ്രീകരിച്ചും **50 ശതമാനം** മതപരമായ ചോദ്യങ്ങളുമായിരിക്കും. (ചോദ്യങ്ങളുടെ രീതി, അനുപാതം, നിലവാരം എന്നിവയെല്ലാം മർകസ് ഇൻറഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ തീരുമാനിക്കുന്നതിന് അനുസൃതമായിരിക്കും)
4. എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും നിർദേശിക്കുന്ന സമയത്തിന് അരമണിക്കൂർ മുമ്പ് തന്നെ ഹാജരായി പരീക്ഷാ സ്ഥലവും മറ്റും കണ്ടത്തേണ്ടതാണ്.
5. പരീക്ഷ തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞു വരുന്ന വിദ്യാർഥിക്ക് അവസരം നഷ്ടപ്പെടും. വൈകി വരുന്നവർക്ക് അധിക സമയം അനുവദിക്കുന്നതുമല്ല.
6. പരീക്ഷ ആരംഭിച്ച് ഒരു മണിക്കൂർ കഴിഞ്ഞു മാത്രമേ ഹാളിൽ നിന്നും പുറത്തുപോകാൻ സമ്മതിക്കുകയുള്ളൂ.
7. ഉത്തരക്കടലാസുകൾ ജാമിഅ നൽകും.
8. പരീക്ഷാഹാളിൽ പ്രവേശിക്കാനും ഇന്റർവ്യൂവിൽ പങ്കെടുക്കാനും ഹാൾ ടിക്കറ്റ് (പ്രിന്റ് കോപ്പി) നിർബന്ധമാണ്. ഹാൾ ടിക്കറ്റ് ഓൺലൈൻ പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്യാം.

9. മൊബൈൽ ഫോൺ, ബ്ലൂടൂത്ത് ഉൾപ്പെടെയുള്ള ഏതൊരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ കൊണ്ടുവരാൻ പാടില്ല.

10. ഇന്റർവ്യൂ സമയത്ത് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതും ഇന്റർവ്യൂ ചെയ്യുന്ന വ്യക്തിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

11. വായന ക്ഷമത, മറ്റു കഴിവുകൾ തുടങ്ങിയവയായിരിക്കും ഇന്റർവ്യൂവിൽ പ്രധാന മായും ചോദിക്കുക.

12. പരീക്ഷ, ഇന്റർവ്യൂ ഇവയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ വിദ്യാർഥികളെ അതാതു സമയം ഓൺലൈൻ വഴി അറിയിക്കുന്നതാണ്. എല്ലാം യഥാസമയം അറിഞ്ഞിരിക്കുകയും പിന്തുടരുകയും ചെയ്യുക.

## ഗ്രേസ് മാർക്ക്

ജാമിഅ അംഗീകരിച്ച കലാ-സാഹിത്യ മത്സരങ്ങളിലും (സംസ്ഥാന/ദേശീയ തലം) എൽ.എസ്.എസ്, യു.എസ്.എസ്, സ്മാർട്ട് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിലും ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക്, ഇന്റർവ്യൂ സമയത്ത് രേഖകൾ ഹാജരാക്കുന്ന പക്ഷം ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കും.

## പ്രവേശനം

സീറ്റ് ലഭിച്ച വിദ്യാർഥി രക്ഷിതാവിനോടൊപ്പം പ്രസ്തുത സ്ഥാപനത്തിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കേണ്ടതാണ്. ഇതിനായി നിർദ്ദേശിക്കുന്ന ടൈം ഷെഡ്യൂൾ പ്രത്യേകം പാലിക്കേണ്ടതുമാണ്. അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകളെക്കുറിച്ചുള്ള വിവരങ്ങൾ വിദ്യാർഥിയെ ഓൺലൈൻ വഴി അറിയിക്കുന്നതായിരിക്കും.

## മറ്റ് പ്രധാന നിർദ്ദേശങ്ങൾ

1. സമൂഹത്തെ നയിക്കാൻ പര്യാപ്തരായ മതപണ്ഡിതരെ സൃഷ്ടിക്കുക എന്നതാണ് ജാമിഅയുടെ പ്രവർത്തനോദ്ദേശ്യം. അതിനനുസരിച്ചുള്ള നിയമങ്ങളും ചിട്ടകളുമാണ് വിദ്യാർഥികളിൽ നിന്ന് ആവശ്യപ്പെടുന്നത്. ഓരോ വിദ്യാർഥിയും ഇവ പൂർണമായി അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു.
2. ജാമിഅ മർകസിന്റെ നിർദേശ പ്രകാരമാണ് മർകസ് ഇൻറഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിൽ സംവിധാനം മുന്നോട്ട് പോകുന്നത്. ഓരോ വിദ്യാർഥിയും മർകസിന്റെ ആശയവും നിർദേശങ്ങളും പാലിക്കേണ്ടതും ജീവിതത്തിൽ കൊണ്ടു വരേണ്ടതുമാണ്.
3. മർകസ് ഇൻറഗ്രേറ്റഡ് സ്റ്റഡീസ് കൗൺസിലിന് കീഴിലുള്ള ഓരോ സ്ഥാപനവും അച്ചടക്ക സംരക്ഷണത്തിനും മറ്റുമായി വ്യത്യസ്ത നിയമങ്ങൾ സ്വീകരിക്കുന്നതും ഓരോ വിദ്യാർഥിയും അവയെല്ലാം പാലിക്കേണ്ടതുമാണ്.
4. മതപരമായോ രാഷ്ട്ര നിയമങ്ങൾ അനുശാസിക്കുന്ന ചട്ടക്കൂടിൽ നിന്ന് പുറത്തു പോകുന്ന രീതിയിലോ പ്രവർത്തിച്ചാൽ നടപടിയെടുക്കാൻ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും. സ്ഥാപന നിയമങ്ങൾ ലംഘിച്ചാലും നടപടി സ്വീകരിക്കാം.
5. സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുള്ള പരാതികൾ യഥാ സമയം MISC-നെ അറിയിക്കാൻ വിദ്യാർഥികൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.
6. ഓരോ വിദ്യാർഥിയും പൂർണമായും ഇസ്ലാമിക ചുറ്റുപാടിലാണ് ജീവിക്കേണ്ടത്. ഇസ്‌ലാമിക നിയമങ്ങൾ അനുസരിക്കുകയും അതാതു പ്രദേശങ്ങളിലെ ഇസ്‌ലാമിക സുന്നി പണ്ഡിതരുടെ യൂണിഫോം സ്വീകരിക്കുകയും വേണം.

## പ്രത്യേക ശ്രദ്ധക്ക്

വിദ്യാഭ്യാസം ജീവിതത്തിലെ ഏറ്റവും വലിയ നിക്ഷേപമാണ്.
അപേക്ഷാ നടപടികൾ ശ്രദ്ധാപൂർവം പൂർത്തിയാക്കി,
നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.

**അല്ലാഹു തൗഫീഖ് നൽകട്ടെ. ആമീൻ.**

Contact Details

Markaz Integrated Studies Council

Phone: +91 92075 00886

Email: misc@jamiamarkaz.in

Website: https://misc.jamiamarkaz.in/